# സേവനങ്ങൾ നിബന്ധനകൾ കൈപുസ്തകം- ജൂൺ 2013 - ഭേദഗതികൾ 25-10-2013 വരെയുള്ളത്

| കോഡ് നമ്പർ | കൈപുസ്തകത്തിലെ ക്രമനമ്പർ | കൈപുസ്തകത്തിലെ കുറിപ്പ് നമ്പർ | ഭേദഗതികൾ |
|---|---|---|---|
| 2.1.1, 2.12, 2.1.3, 2.1.4 | | 1 | അസ്വാഭാവിക മരണമാണെങ്കിൽ എന്നുള്ളതിന് മുന്നിൽ പൊതു സ്ഥലത്തുള്ള എന്ന് ചേർത്തു. |
| 2.1.1 | IV | | നിബന്ധന 2 ൽ യാത്രക്കിടയിൽ വാഹനത്തിൽ വെച്ച് സംഭവിച്ച എന്ന് ഭേദഗതി ചെയ്തു. |
| 2.1.3 | II | | ബ്രാക്കറ്റിലെ (എന്നാൽ ജനനം/മരണംനടന്ന് ഒരു വർഷം കവിയാൻ പാടില്ല) എന്നുള്ളത് ഒഴിവാക്കി. (സൂചന. സർക്കുലർ നം. 36511/RD3 /13/തസ്വഭവ തീയതി 5/8/13) |
| | IV | | രജിസ്ട്രാറിൽ നിന്നുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് 4 -ാം നമ്പറായി ചേർത്തു. |
| 2.1.3, 2.1.4 | V | | അടക്കേണ്ട ഫീസ് എന്നതിന് മുമ്പായി അനുമതി ലഭിച്ചതിന് ശേഷം എന്ന് ചേർത്തു. |
| 2.1.7 | IV | | എസ്.എസ്.എൽ.സി ബുക്ക്/ റേഷൻകാർഡ്/വോട്ടേഴ്സ് ഐ.ഡി/ആധാർ കാർഡ് എന്ന് കൂടി 4-ാം നമ്പറായി ചേർത്തു. |
| 2.2.1 | IV | | നിബന്ധന 2 ൽ അപേക്ഷകന് ആവശ്യമെങ്കിൽ എന്ന് കൂടി ചേർത്തു |
| | V | | സർട്ടിഫിക്കറ്റ് ഫീ 2 രൂപ എന്നതിന് പകരം, എക്സ്ട്രാക്ട് ഫീ 5 രൂപ എന്ന് തിരുത്തി. |
| 2.2.2 | II | | നിബന്ധനയിൽ 7 പ്രവൃത്തി ദിവസം എന്നുള്ളതൊഴിച്ച് ബാക്കിയെല്ലാം ഒഴിവാക്കി |
| | | കുറിപ്പ് 1 ചേർത്തു | മാതാപിതാക്കളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പേര് ചേർത്ത സംഗതികളിലും കുട്ടിയെ സ്കൂളിൽ ചേർക്കുന്നതിന് മുമ്പായി ഒരു പ്രാവശ്യം തിരുത്തൽ അനുവദിക്കാം. സ്കൂളിൽ ചേർത്തതിന് ശേഷമാണെങ്കിൽ 2.2.6 ലെ വ്യവസ്ഥകളാണ് ബാധകമായിട്ടുള്ളത്. |
| 2.2.3, 2.2.4 | | കുറിപ്പ് 1 ചേർത്തു | സ്കൂളിൽ ചേർന്ന ശേഷം പേര് ചേർക്കുന്നത് സ്കൂൾ രേഖയിലെ പോലെ ആയതിനാൽ മാതാപിതാക്കളുടെ സംയുക്ത അപേക്ഷയോ തിരിച്ചറിയൽ രേഖയുടെ പകർപ്പോ ആവശ്യമില്ല. |
| 2.2.5 | IV | | നിബന്ധന 3 ലെ ബ്രാക്കറ്റിലുൾപ്പെടുത്തിയ രേഖകളിലെ ഏതെങ്കിലും ഒന്ന് എന്ന്കൂടി ചേർത്തു. |
| 2.2.6 | IV | | നിബന്ധന 3 ൽ മാതൃകാ സത്യവാങ്മൂലം അനുബന്ധം 40 ആയി ചേർത്തു. |
| | | കുറിപ്പ് 2 ചേർത്തു | സ്കൂളിൽ ചേർക്കുന്നതിന് മുമ്പുള്ള സംഗതികളിൽ വെള്ളകടലാസിലുള്ള സത്യവാങ്മൂലവും സ്കൂളിൽ ചേർത്തതിന് ശേഷമാണെങ്കിൽ 100 രൂപ മുദ്രപത്രത്തിലുള്ള സത്യവാങ്മൂലമാണ് ആവശ്യമായിട്ടുള്ളത്. |
| 2.2.7 | | കുറിപ്പ് 1 | നിലവിലുള്ളത് ഒഴിവാക്കി. പകരം രജിസ്റ്റർ ചെയ്യപ്പെട്ട വ്യക്തി തന്നെയാണ് അപേക്ഷ സമർപ്പിക്കേണ്ടത് എന്ന് ചേർത്തു. |
| 2.2.8 | | കുറിപ്പ് 2 ചേർത്തു | കുട്ടികളുടെ മാതാപിതാക്കളുടെ പേര് (ഇനീഷ്യൽ എക്സ്പാൻഷൻ, വിവാഹശേഷം ഭാര്യയുടെ പേരിനൊപ്പം ഭർത്താവിന്റെ പേര് ചേർത്തിട്ടുള്ള വിവരം, മേൽവിലാസത്തിലുണ്ടാകുന്ന അക്ഷരതെറ്റുകൾ എന്നിവ ) 31.5.2013 ലെ സർക്കുലർ നമ്പർ 50817/ഞ3/12/തസ്വഭവ സർക്കുലറിന് വിധേയമായിട്ടാണ് തിരുത്തലുകൾ നടത്തേണ്ടത് |
| 2.5.1 | V | | നിബന്ധന 1 ഒഴിവാക്കി. പകരം വരുമാന പരിധി 300000 രൂപ വരെ |

| | | | |
|---|---|---|---|
| | | | എന്ന് ചേർത്തു. |
| | | • കുറിപ്പ് 1, 3 ഒഴിവാക്കി.<br>• കുറിപ്പ് 4<br>• കുറിപ്പ് 5 | • കുറിപ്പ് 1 ന് പകരം അപേക്ഷ ലഭിച്ച തിയതി മുതൽ പെൻഷന് അർഹതയുണ്ടായിരിക്കുമെന്ന് ചേർത്തു.<br>• വാർഡ് മെമ്പറുടെ സർട്ടിഫിക്കറ്റ് എന്നതിന് പകരം ശുപാർശ എന്ന് തിരുത്തി.<br>• അതിഥി മന്ദിരങ്ങളിൽ എന്നതിന് പകരം അഗതി മന്ദിരം എന്നാക്കി തിരുത്തി. |
| 2.5.2 | | കുറിപ്പ് 6 ചേർത്തു | പുനർ വിവാഹം നടത്തിയിട്ടില്ല എന്നുള്ളതിന് സ്വയംസാക്ഷ്യപ്പെടുത്തിയാൽ മതി. |
| 2.5.3 | IV | | നിബന്ധന 2 ഒഴിവാക്കി. പകരം പ്രായപരിധിയില്ല എന്ന് ചേർത്തു |
| 2.5.4 | | കുറിപ്പ് 4 ചേർത്തു | അപേക്ഷ ലഭിച്ച് അടുത്തമാസം മുതൽ പെൻഷന് അർഹതയുണ്ടായിരിക്കും. |
| 2.5.5 | | കുറിപ്പ് 3 ചേർത്തു | ഓരോ 2 വർഷം ഇടവേളയിലും ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കുകയോ അല്ലെങ്കിൽ ഐഡന്റിറ്റി കാർഡ് സഹിതം നേരിട്ട് ഹാജരാകുകയോ വേണം. |
| 2.5.6 | V | | നിബന്ധന 4 ൽ വികലാംഗർക്ക് എന്നതിന് ശേഷം പട്ടികജാതി പട്ടികവർഗ്ഗകാർക്കും എന്നുകൂടി ചേർത്തു. |
| | | കുറിപ്പ് 6 ചേർത്തു | അപേക്ഷ ലഭിച്ച് അടുത്തമാസം മുതൽ വേതനത്തിന് അർഹതയുണ്ടായിരിക്കും. |
| 2.5.7 | | കുറിപ്പ് 5 ചേർത്തു | വിവാഹം കഴിഞ്ഞതിന്റെ രേഖ ഒരുമാസത്തിനകം ഹാജരാക്കണം. |
| 2.6.1, 2.6.2, 2.6.3, | VI | | * സെക്രട്ടറി നിയോഗിക്കുന്ന ഉദ്യോഗസ്ഥൻ എന്നുള്ളത് ഒഴിവാക്കി. |
| 2.6.4, 2.6.5, 2.6.9 | V | | *സെക്രട്ടറി നിയോഗിക്കുന്ന ഉദ്യോഗസ്ഥൻ എന്നുള്ളത് ഒഴിവാക്കി. |
| 2.6.8 | V | | *സെക്രട്ടറി നിയോഗിക്കുന്ന ഉദ്യോഗസ്ഥൻ എന്നുള്ളതിന് പകരം അസിസ്റ്റന്റ് എഞ്ചിനീയർ /ഓവർസീയർ എന്ന് ചേർത്തു. |
| 2.6.1 | | | മാതൃക എൻ.ഒ.സി അനുബന്ധം 21എ ആയി ചേർത്തു. |
| 2.6.2 | | കുറിപ്പ് 11 | കുറിപ്പ് 12 കുറിപ്പ് 11 നോട് ചേർത്തു |
| 2.6.3 | IV | | • നിബന്ധന 2 ൽ ഭൂനികുതി അടച്ച രസീതി എന്നിവയുടെ പകർപ്പുകൾ എന്ന് കൂടി ചേർത്തു.<br>• സൈറ്റ് പ്ലാൻ സ്വയം വരച്ചതായാലും മതി എന്ന് തിരുത്തി<br>• സ്കീമിൽ ഉൾപ്പെടുത്തിയതിന്റെ ബന്ധപ്പെട്ട വകുപ്പിൽ നിന്നുള്ള രേഖ നിബന്ധന 4 ആയി ചേർത്തു. |
| 2.6.4 | IV | | പെർമിറ്റ് ഫീസ് ഏക്കറിന് എന്നുള്ളതിന് പകരം ആർ എന്ന് തിരുത്തി. |
| | | കുറിപ്പ് 2 ചേർത്തു. | ചട്ടം 6 അനുസരിച്ചുള്ള ക്ലിയറൻസുകൾ ഉറപ്പാക്കണം. |
| 2.6.5 | | കുറിപ്പ് 4 ചേർത്തു | ഉപയോഗ സർട്ടിഫിക്കറ്റ് എന്നുള്ളത് ഓക്കുപെൻസി സർട്ടിഫിക്കറ്റ് എന്ന് തിരുത്തി. |
| 2.7.1 | | കുറിപ്പ് 3 | ഒഴിവാക്കി പകരം, കെ.പി.ആർ വകുപ്പ് 235(എ.എ) പ്രകാരം എല്ലാ അനധികൃത കെട്ടിടങ്ങൾക്കും പ്രത്യേക നമ്പർ നൽകി വസ്തു നികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തു നികുതിയായി ഈടാക്കേണ്ടതുണ്ട്. പ്രത്യേക നമ്പർ നൽകുന്നതോടൊപ്പം കെട്ടിടം പൊളിച്ചു കളയുന്നതിനുള്ള നടപടികളും സ്വീകരിക്കണം എന്ന് ചേർത്തു. |
| | | കുറിപ്പ് 4 ചേർത്തു | കാറ്റഗറി II പഞ്ചായത്തിലും ചട്ടം 10, 133 എന്നിവ അനുസരിച്ചുള്ള കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്നതിന് മുമ്പ് അതിന്റെ ഉപയോഗ യോഗ്യത ഉറപ്പാക്കണം. |

| | | | |
|---|---|---|---|
| 2.7.2 | | കുറിപ്പ് 1 ചേർത്തു | വസ്തു നികുതി ചട്ടം 24 (3), 25 എന്നിവയക്ക് വിധേയമായി ട്ടാണ് നികുതി ഒഴിവാക്കൽ കണക്കാക്കേണ്ടത്. |
| 2.7.3 | | കുറിപ്പ് 1 | (ചട്ടം 21 ന് വിധേയമായി ) എന്ന് ചേർത്തു. |
| 2.8.3 | | കുറിപ്പ് 3 ചേർത്തു | കെട്ടിട നിർമ്മാണ ചട്ടങ്ങളും നിയമങ്ങളും ലംഘിക്കപ്പെടുന്ന (നിലം നികത്തുൾപ്പെടെയുള്ളതും വാസഗൃഹങ്ങൾക്ക് യു.എ നമ്പർ നൽകി, റേഷൻ കാർഡ്, വൈദ്യുതി കണക്ഷൻ, കുടി വെള്ള കണക്ഷൻ, വോട്ടർ പട്ടികയിൽ പേര് ചേർക്കൽ എന്നി വയ്ക്ക് താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകാവു ന്നതാണ് (സ.ഉ. (എം.എസ്) 211/2012 തസ്വഭവ തീയതി 4.8.2012, സർക്കുലർ നമ്പർ 38476/ആർ.എ1/തസ്വഭവ 11.10.2012) |
| 2.8.6 | | | ഹെഡിംഗിൽ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടതാണെന്ന സർട്ടിഫി ക്കറ്റ് നൽകൽ എന്ന് തിരുത്തി |
| 2.9.1 | VI | | (ഗ്രീൻ ചാനലിനുള്ള അപ്പീൽ അധികാരം റദ്ദാക്കി. എസ്.ആർ.ഒ നം. 506/2012(സ.ഉ.(അ)), 184/2012/തസ്വഭവ തീയതി 2.7.2012) |
| | | കുറിപ്പ് 3 | എൻ.ഒ.സി ആവശ്യമില്ല എന്നുള്ളത് മാറ്റി നിർബന്ധിക്കേണ്ടതില്ല എന്ന് തിരുത്തി. അപേക്ഷകന് നേരിട്ട് ഫോറസ്റ്റിൽ നിന്നുള്ള ലൈസൻസിന് അപേക്ഷിക്കാവുന്നതാണ് എന്ന് കൂടി ചേർത്തു. (സർക്കുലർ നമ്പർ 78327/ആർസി3/09/തസ്വഭവ തീയതി 15.3.2010) |
| 2.9.2 | | കുറിപ്പ് 9 | മറ്റു ഘടകങ്ങൾ നിർബന്ധിക്കേണ്ടതില്ല എന്ന് ഒഴിവാക്കി. |
| | | കുറിപ്പ് 10 ചേർത്തു | ലൈസൻസുകൾ പുതുക്കുന്നതിന് ലഭിക്കുന്ന എല്ലാ അപേക്ഷ കളും ഹെൽത്ത് ഇൻസ്പെക്ടറുടെ പരിശോധനക്ക് നൽകേണ്ട താണ്. (സർക്കുലർ നമ്പർ 66562/ആർ.സി3/12/തസ്വഭവ തീയതി 10.1.2013) |
| 2.9.3 | | കുറിപ്പ് 2 ചേർത്തു | മറ്റു വകുപ്പുകളിൽ നിന്ന് ലഭിക്കേണ്ട ലൈസൻസ് / എൻ.ഒ.സി ക്ക് അപേക്ഷകന് നേരിട്ട് അപേക്ഷ സമർപ്പിക്കാവുന്നതാണ്. (സർക്കുലർ നമ്പർ 78327/ആർസി3/09/തസ്വഭവ തീയതി 15.3.2010) |
| **അനുബന്ധങ്ങളിലെ ഭേദഗതി** | | | |
| അനുബന്ധം 5 | | | സത്യവാങ്മൂലം ഗസറ്റഡ് ഓഫീസർ/നോട്ടറി പബ്ലിക്ക് അറ്റസ്റ്റ് ചെയ്യണം എന്ന ഭാഗം ഒഴിവാക്കി. |
| അനുബന്ധം 40 | | | പുതുതായി ചേർത്തു. |

*നം.32131/ആർ.എ/2012/തസ്വഭവ തീയതി 15/6/2013

**അനുബന്ധം 40**

# സത്യവാങ്മൂലം

..............................................ജില്ലയിൽ ................................................

താലൂക്കിൽ ........................................ വില്ലേജിൽ ................................

വീട്ടിൽ........................................ മകൻ/മകൾ/എന്റെ ............................... പേര്

.........................................ഗ്രാമപഞ്ചായത്തിലെ/കോർപ്പറേഷൻ/മുനിസിപ്പാലിറ്റിയിലെ ജനന/മരണ രജിസ്റ്ററിൽ തെറ്റായി പേര് രേഖപ്പെടുത്തിയിരിക്കുന്നത് തിരുത്തുന്നതിന് എഴുതി നൽകുന്ന സത്യവാങ്മൂലം.

എന്റെ/മകന്റെ/മകളുടെ ജനനം/മരണം ........................ തിയതിയിൽ .................. നമ്പരായി ............................................ ഗ്രാമപഞ്ചായത്ത്/കോർപ്പറേഷൻമുനിസിപ്പാലിറ്റി യിൽ രജിസ്റ്റർ ചെയ്തിരുന്നു.

ടി രജിസ്ട്രേഷനിൽ എന്റെ/മകന്റെ/മകളുടെ പേര് ........................................ എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ടിയാളുടെ സ്കൂൾരേഖ പ്രകാരംമുള്ള പേര് ............................................... എന്നാകുന്നു.

മേൽപ്പറഞ്ഞ രണ്ട് പേരിലും അറിയപ്പെടുന്ന ആൾ ഒരാളാണെന്നും ...............................................ഗ്രാമപഞ്ചായത്തിലെ/കോർപ്പറേഷനിലെ/മുനിസിപ്പാലിറ്റിയിലെ മേൽപ്പടി ജനന/മരണ രജിസ്ട്രേഷനിൽ എന്റെ/മകന്റെ/മകളുടെ ശരിയായ പേര് .............................. എന്ന് തിരുത്തി നൽകുന്നതിനുമായി ഈ സത്യവാങ്മൂലം സമർപ്പിക്കുന്നു.

മേൽവിവരിച്ചതൊക്കെയും എന്റെ അറിവിലും വിശ്വാസത്തിലും സത്യവുമാണെന്ന് ബോധിപ്പിക്കുന്നു.

ഒപ്പ്:
പേര് :

സ്ഥലം :
തീയതി :